**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*21 — 26.02.2018 ൽ മറുപടിക്ക്

## ജീവിതശൈലി രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി<br>,, ജെയിംസ് മാത്യു<br>,, പി.കെ. ശശി<br>,, എൻ. വിജയൻ പിള്ള | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പകർച്ച വ്യാധികൾക്കെന്നപോലെ ജീവിതശൈലി രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് ആർദ്രം മിഷനിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ജീവിതശൈലി രോഗങ്ങൾ സംസ്ഥാനത്തെ ജനങ്ങളിൽ ആശങ്കാജനകമാംവിധം വർദ്ധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'അമൃതം ആരോഗ്യം' എന്ന പേരിലുള്ള സംസ്ഥാന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി. സംസ്ഥാന സർക്കാർ ആർദ്രം പദ്ധതി ആവിഷ്കരിച്ചപ്പോൾ, ഇപ്പോൾ നടപ്പിലാക്കി വരുന്ന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി ശാക്തീകരിക്കുന്നതിനും കൂടുതൽ ജനോപകാര പ്രദമായ ആരോഗ്യ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രതിവാര ക്ലിനിക്കുകളുടെ പ്രവർത്തനം ആഴ്ചയിൽ 6 ദിവസത്തേക്ക് വ്യാപിപ്പിക്കുന്നതിനും, ഒരു സ്റ്റാഫ് നഴ്സിന്റെ നേതൃത്വത്തിൽ ഡോക്ടറെ കാണും മുൻപ് തന്നെ ആവശ്യ പരിശോധനകൾ നടത്തുന്നതിനും (Pre assessment) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി |

| | | | |
|---|---|---|---|
| | | | ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും പരിശീലനം വിവിധ തലത്തിൽ നൽകിയിട്ടുണ്ട്. ജീവിത ശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധനാ സൗകര്യങ്ങളുള്ള ലബോറട്ടറി സ്ഥാപിക്കുകയും HbA1c തുടങ്ങിയ പരിശോധന സൗകര്യങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഡോക്ടർമാരുടെയും നഴ്സ്മാരുടെയും, ലാബ് ടെക്നീഷ്യൻമാരുടെയും അധിക തസ്തിക സൃഷ്ടിക്കുകയും ഇതിനു പുറമേ ഗുരുതര ശ്വാസകോശ രോഗങ്ങൾക്കായി (COPD) 'ശ്വാസ്' പദ്ധതിയും, മാനസികാരോഗ്യ ചികിത്സയാക്കായി 'ആശ്വാസ്' പദ്ധതിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | രോഗികളെ തുടക്കത്തിൽത്തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനും രോഗസാധ്യതയുള്ളവരെ കണ്ടെത്തി അവരുടെ ജീവിതശൈലിയിൽ മാറ്റം വരുത്താൻ പ്രേരിപ്പിക്കുന്നതിനും പ്രാദേശികമായി എന്തെല്ലാം ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ജീവിതശൈലി രോഗങ്ങൾ പോലെ ജനങ്ങളുടെ ജീവിതചര്യയുമായി ബന്ധപ്പെട്ട രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും രോഗങ്ങൾ വരാതെ സംരക്ഷിക്കുന്നതിനുള്ള ജീവിതശൈലി മാറ്റങ്ങൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും ആർദ്രം പദ്ധതിയിൽ വിവിധ നടപടികൾ സ്വീകരിച്ച് വരുന്നു. ഓരോ വ്യക്തിക്കും അവരുടെ രോഗത്തിനും, ആരോഗ്യത്തിനും അനുസൃതമായ ആരോഗ്യ സേവന പാക്കേജുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഈ പാക്കേജുകളിൽ ജീവിതശൈലി രോഗ നിയന്ത്രണത്തിനും, നിർണ്ണയത്തിനും രോഗങ്ങൾ വരാതെ സൂക്ഷിക്കുന്നതിനുമുള്ള മുൻകരുതലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ശ്വാസകോശ രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ശ്വാസ് ക്ലിനിക്കുകൾ, മാനസിക രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ആശ്വാസ് ക്ലിനിക്കുകൾ, നേത്ര പടലാന്ധത കണ്ടെത്തുന്നതിനുള്ള ഡയബറ്റിക് |

| | | | |
|---|---|---|---|
| | | | റെറ്റിനോപ്പതി ക്ലിനിക്കുകൾ, പുകയില നിയന്ത്രണ ക്ലിനിക്കുകൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിക്കുകയും ഇതിന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുന്നതിന് ഫീൽഡ്തല ജീവനക്കാരെയും, ആശാവാളന്റീയർമാരെയും പരിശീലിപ്പിച്ച് വരികയും ചെയ്യുന്നു. സമഗ്ര ആരോഗ്യ സംരക്ഷണത്തിനായി ഗ്രാമതലത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യസേന രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ അടിസ്ഥാനമാക്കി കുടുംബങ്ങളുടെ ആരോഗ്യനില തുടർച്ചയായി നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ആർദ്രം പദ്ധതിയുടെ കീഴിൽ തെരെഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി ഈ കേന്ദ്രങ്ങളിൽ കുടുംബങ്ങളുടെ ആരോഗ്യനില തുടർച്ചയായി നിരീക്ഷിക്കുന്നതിനും ആരോഗ്യ സേവനാ പാക്കേജുകൾ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും സജ്ജമാക്കിയിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആരോഗ്യാവസ്ഥയിലും രോഗനിർണ്ണയം നടത്തിയവർക്കും ഉതകുന്ന എൻ.സി.ഡി.പാക്കേജ് ഇതിന്റെ ഭാഗമായി വികസിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ സന്നദ്ധപ്രവർത്തകരെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ആരോഗ്യസേന ഫീൽഡ്തലത്തിൽ ഇതിന്റെ പുരോഗതി ആരോഗ്യ പ്രവർത്തകർക്കൊപ്പം നിരീക്ഷിച്ചു വരുന്നുണ്ട്. ഓരോ വ്യക്തിയുടെ ആരോഗ്യം നിരീക്ഷിക്കുന്നതിനായി ഇലക്ട്രോണിക് ഹെൽത്ത് റെക്കോഡും നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ